CARLTON LEISURE
Worldwide Travel & Tours
NEWBURY PARK
020 8554 4200
EAST LONDON
020 8586 7675
HARROW & WEMBLEY
020 8426 1266
SOUTH LONDON
020 8100 0000
Book now at
www.carltonleisure.com

20 JUNE 2020

കേരളാ ലിങ്ക്

Kerala Link
MONTHLY

e-mail:info@keralalink.co.uk web:www.keralalink.co.uk

FREE
promotional copies are available through selected Indian shops

## ഇന്ത്യ ജയിച്ച 2011 ലോകകപ്പ് ഫൈനൽ ഒത്തുകളിയോ? അന്വേഷണം പ്രഖ്യാപിച്ച് ശ്രീലങ്ക

ഇന്ത്യ ജേതാക്കളായ 2011ലെ ഏകദിന ക്രിക്കറ്റ് ലോകകപ്പ് ഫൈനൽ ഒത്തുകളിയായിരുന്നുവെന്ന ആരോപണപ്രത്യാരോപണങ്ങളുടെ പശ്ചാത്തലത്തിൽ ശ്രീലങ്കൻ സർക്കാർ അന്വേഷണം പ്രഖ്യാപിച്ചു. ശ്രീലങ്കൻ കായിക മന്ത്രാലയമാണ് അന്വേഷണം പ്രഖ്യാപിച്ചത്. ആതിഥേയരായ ഇന്ത്യയുമായുള്ള ഫൈനലിൽ ശ്രീലങ്ക ഒത്തുകളിച്ചു തോറ്റതാണെന്ന ആരോപണം പലതവണ ഉയർന്ന സാഹചര്യത്തിലാണ് കായികമന്ത്രി ദലസ് അലഹപ്പെരുമ അന്വേഷണം പ്രഖ്യാപിച്ചത്. 2011 ലോകകപ്പ് ഫൈനലിന്റെ സമയത്ത് ശ്രീലങ്കൻ കായികമന്ത്രിയായിരുന്ന മഹിന്ദാനന്ദ അലുത്ഗമഗെയാണ് കഴിഞ്ഞ ദിവസം ഒത്തുകളി ആരോപണം വീണ്ടുമുയർത്തിയത്. 1996ൽ ശ്രീലങ്കയ്ക്ക് കിരീടം സമ്മാനിച്ച ക്യാപ്റ്റൻ അർജുന രണതുംഗയും ഒത്തുകളി ആരോപണം ഉയർത്തിയിരുന്നു. കായികമന്ത്രിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര കായിക സെക്രട്ടറി കെ.എ.ഡി.എസ്. റുവാൻചന്ദ്രയാണ് ഇതുമായി ബന്ധപ്പെട്ട് പരാതി നൽകിയത്. രണ്ട് ആഴ്ച കൂടുമ്പോൾ അന്വേഷണ പുരോഗതി അറിയിച്ച് റിപ്പോർട്ട് നൽകാനും മന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## ഇന്ത്യയുടെ ഒരിഞ്ച് ഭൂമി പോലും ആരും പിടിച്ചെടുത്തിട്ടില്ല – നരേന്ദ്രമോദി

ഇന്ത്യയുടെ ഒരിഞ്ച് ഭൂമി പോലും ആരും പിടിച്ചെടുത്തിട്ടില്ലെന്ന് പ്രധാന മന്ത്രി നരേന്ദ്ര മോദി. ആർക്കും ഇന്ത്യയുടെ മണ്ണ് വിട്ടുകൊടുക്കില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ചൈനയ്ക്ക് ഇന്ത്യൻ സേന ശക്തമായ മറുപടി നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ-ചൈന സംഘർഷ വിഷയത്തിൽ നടന്ന സർവ്വകക്ഷി യോഗത്തിന് ശേഷം രാജ്യത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

അതിർത്തിയിൽ ഇന്ത്യയുടെ ഒരു പോസ്റ്റും ചൈന പിടിച്ചെടുത്തിട്ടില്ല. സുരക്ഷയ്ക്ക് ആവശ്യമായ എല്ലാ നടപടിയും സ്വീകരിക്കും. അതിർത്തിയിലെ പട്രോളിങ് ശക്തമാക്കിയിട്ടുണ്ടെന്നും മോദി വ്യക്തമാക്കി. നമുക്ക് 20 സൈനികരെ നഷ്ടമായി. വീരമൃത്യു വരിച്ച ജവാൻമാർക്കൊപ്പം രാജ്യം മുഴുവനുമുണ്ട്. ഏത് മേഖലയിലേക്ക് നീങ്ങാനും ഇന്ത്യ സജ്ജമാണ്. ഇന്ത്യൻ സേനയിൽ പൂർണ വിശ്വാസമുണ്ടെന്നും സേനയ്ക്ക് ഉചിതമായ നടപടിക്ക് സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്നും മോദി കൂട്ടിച്ചേർത്തു. അതിർത്തിയിലുണ്ടായ സംഘർഷത്തിന് ചൈനയ്ക്ക് തക്കതായ മറുപടി നൽകും. നയതന്ത്ര തലത്തിൽ ഇതിനുള്ള എല്ലാ ശ്രമങ്ങളും തുടങ്ങിയിട്ടുണ്ട്ഇ



ന്ത്യ സമാധാനം ആഗ്രഹിക്കുന്നു, എന്നാൽ രാജ്യത്തിന്റെ പരമാധികാരം പ്രധാനമാണ്. ഇന്ത്യയുടെ ഒരിഞ്ച് സ്ഥലത്തേക്ക് നോക്കാൻ പോലും ഒരാൾക്കും ധൈര്യമുണ്ടാവില്ലെന്നും മോദി മുന്നറിയിപ്പ് നൽകി.

അതിർത്തിയിലെ സംഘർഷ സാഹചര്യത്തിൽ വെള്ളിയാഴ്ച വൈകീട്ട് നടന്ന സർവ്വകക്ഷി യോഗത്തിൽ 20 പാർട്ടികളുടെ നേതാക്കളാണ് പങ്കെടുത്തിരുന്നത്. മിക്ക പ്രതിപക്ഷ പാർട്ടികളും അതിർത്തിയിലെ തർക്കം കൈകാര്യം ചെയ്യുന്നതിൽ പ്രധാനമന്ത്രിയിൽ വിശ്വാസം പ്രകടിപ്പിച്ചു. എന്നാൽ ഇന്ത്യയുടെ ഭാഗത്തുണ്ടായ വീഴ്ചകളിൽ ചോദ്യമുയർത്തിയ കോൺഗ്രസ് ഇനി എന്താണ് കേന്ദ്രം ചെയ്യാൻ പോകുന്നതെന്ന് വ്യക്തമാക്കണമെന്നും യോഗത്തിൽ ആവശ്യപ്പെട്ടു.

## കോവിഡ് ബാധിച്ച് മരിക്കുന്നവരുടെ മൃതദേഹങ്ങൾ സംസ്കരിക്കുകയാണ് ഈ 12–ാം ക്ലാസുകാരൻ

വീട്ടിൽ പട്ടിണിയാണ്, കഴിഞ്ഞ കുറച്ചുനാളുകളായി ഒരുനേരം മാത്രമാണ് ഭക്ഷണം. ജോലിക്കായി ഒരുപാട് വാതിലുകളിൽ ചന്ദ് മുഹമ്മദ് മുട്ടിനോക്കി. ലോക്ക്ഡൗൺ ആയതിനാൽ തന്നെ എവിടെയും ജോലി ശരിയായില്ല. അച്ഛനും അമ്മയും അഞ്ചുസഹോദരങ്ങളും അടങ്ങുന്ന കുടുംബത്തെ പോറ്റണം. അമ്മയ്ക്ക് മരുന്നുവാങ്ങണം. ഒടുവിൽ ആ പന്ത്രണ്ടാംക്ലാസുകാരൻ ലോകത്തിലെ ഏറ്റവും റിസ്കുള്ള ജോലി സ്വീകരിച്ചു. കോവിഡ് 19 ബാധിച്ച് മരിച്ചവരുടെ മൃതദേഹങ്ങൾ കൈകാര്യം ചെയ്യുക.

ഇത് അപകടം നിറഞ്ഞ ഒരു ജോലിയാണ്. എനിക്ക് വൈറസ് ബാധയുണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. പക്ഷേ എനിക്ക് ജോലി കൂടിയേ മതിയാകൂ.' ചന്ദ് പറയുന്നു.

ഡൽഹി ലോക് നായക് ജയ് പ്രകാശ് നാരായൺ ആശുപത്രിയിലാണ് ചന്ദ് ജോലി



ചെയ്യുന്നത്. ഉച്ചക്ക് 12 മുതൽ രാത്രി എട്ടുമണിവരെയാണ് ജോലി സമയം. മൃതദേഹം ആംബുലൻസിൽ എത്തിക്കുക, തുടർന്ന് ശ്മശാനത്തിൽ എത്തിക്കുക, സംസ്കാരചടങ്ങുകൾക്കായി സഹായിക്കുക എന്നിവയാണ് ജോലി.മാസം 17,000 രൂപ പ്രതിഫലം. നിത്യവും രണ്ടോ മൂന്നോ മൃതദേഹങ്ങളെ കൈകാര്യം ചെചേയ്യണ്ടതായി വരും.

'ആദ്യ ശമ്പളം ലഭിക്കുന്നതോടെ പ്രശ്നങ്ങൾ ഒരുവിധം പരിഹരിക്കാൻ സാധിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഇത്രയേറെ അപകടരമായ സാഹചര്യത്തിൽ ജോലി ചെയ്യുന്നവർക്ക് കമ്പനി ഇൻഷുറൻസ് ഏർപ്പെടുത്തുന്നില്ലെന്ന് ചന്ദ് പറയുന്നു.

ഞാൻ എല്ലാ മുൻകരുതലും എടുക്കുന്നുണ്ട്. വീട്ടിലെത്തിയാൽ ഉടനെ കുളിക്കും. കുടുംബാംഗങ്ങളിൽ നിന്നും അകലം പാലിച്ചാണ് നടപ്പ്. എന്റെ അമ്മ എന്നെ ഓർത്ത് ഒരുപാട് കരയുന്നുണ്ട്. പക്ഷേ അമ്മയെ ഞാൻ കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കി. ചന്ദിന്റെ കുടുംബത്തിന് മകന്റെ സുരക്ഷിതത്വത്തെ കുറിച്ചോർത്ത് ആശങ്കയുണ്ട്. എന്നാൽ നിലവിലെ സാഹചര്യത്തെ മറികടക്കാൻ അവർക്ക് മുന്നിൽ മറ്റുവഴികളൊന്നുമില്ല.

പഠനത്തിനായും പണം കണ്ടെത്തണം. മെഡിസിന് ചേരണമെന്നാണ് ചന്ദ് മുഹമ്മദിന്റെ ആഗ്രഹം.

Most affordable fares to
TRIVANDRUM
COCHIN
CALICUT
Served millions of satisfied customers since 1992!
Book with confidence
ATOL protected
CARLTON LEISURE
Worldwide Travel & Tours
To speak in Malayalam
Call us on
020 8550 2000|020 8672 5757
www.carltonleisure.com
Excellent
Trustpilot
Fly Now Pay Later
Fast, Flexible, Finance for Travel
ILFORD 020 8554 4200 | EAST HAM 020 8552 6125 | TOOTING 020 8672 5757 | RAYNERS LANE 020 8426 1266 | EMERGENCY TRAVEL 07940 450 831